# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4947

21.10.2011-ൽ മറുപടിക്ക്.

## എൽ.എൻ.ജി. ടെർമിനൽ പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കൊച്ചിയിലെ ദ്രവീകരണ പ്രകൃതി വാതക (എൽ.എൻ.ജി) ടെർമിനൽ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി ; ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും ; | (എ) എൽ.എൻ.ജി ടെർമിനലിന്റെ നിർമ്മാണം നടത്തുന്നത് പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് എന്ന കമ്പനിയാണ്. കെ.എസ്.ഐ.ഡി.സി ഈ പദ്ധതിയുടെ ഫെസിലിറ്റേഷൻ നടപടിയാണ് ചെയ്യുന്നത്. പദ്ധതിക്ക് ഏകദേശം 85% പണികൾ പൂർത്തിയായിട്ടുണ്ട്. 2012 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഈ പദ്ധതി യുദ്ധകാലാടിസ്ഥാ--നത്തിൽ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഈ പദ്ധതിയുടെ നിർമ്മാണ പുരോഗതി മുൻ നിശ്ചയിച്ച പ്രകാരമാണ് നടക്കുന്നത്. ഇതിൽ കാലതാമസമൊന്നും തന്നെയില്ല. പദ്ധതി നിശ്ചിത കാലയളവിൽത്തന്നെ പൂർത്തിയാക്കി 2012 ഡിസംബർ മാസത്തോടെ പ്രവർത്തനം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ